രജോഭി: സമസംഖ്യാതാ: പാർത്ഥി വൈരിഹ ജന്തവ:
തേഷാം യേ കേചനേഹന്തേ ശ്രേയോ വൈ മനുജാദയ (6–14–3)
പ്രായോ മുമുക്ഷവസ്തേഷാം കേചനൈവ ദ്വിജോത്തമ
മുമുക്ഷൂണാം സഹസ്രേഷു കശ്ചിന്മുച്യേത സിധ്യതി (6–14–4)
മുക്താനാമപി സിദ്ധാനാം നാരായണപരായണ:
സുദുർല്ലഭ: പ്രശാന്താത്മാ കോടിഷ്വപി മഹാമുനേ (6–14–5)

പരീക്ഷിത്ത് ചോദിച്ചു: "ജീവികൾ അസംഖ്യമുണ്ടെങ്കിലും അവരിൽ ചുരുക്കം ചിലർ മാത്രമേ സ്വന്തം പരമോന്നതയെ അന്വേഷിക്കാൻ മെനക്കെടുന്നുള്ളു. അവരിൽത്തന്നെ കുറച്ചുപേർ മാത്രമെ സംസാരവിമോചനം കാംക്ഷിക്കുന്നുള്ളു. അവരിൽ ആയിരത്തിലൊരാൾ മാത്രമേ പരിപൂർണ്ണതയെ പ്രാപിക്കുന്നുള്ളു. ഇങ്ങിനെ പരമോൽകൃഷ്ടപദം പൂകിയവരിൽപ്പോലും, ഭഗവാൻ നാരയണനോടുള്ള പരിപൂർണ്ണഭക്തിപ്രഹർഷത്തിലൊരാൾ കഴിയുക എന്നത് തികച്ചും ശ്ലാഘനീയം തന്നെ. പക്ഷേ വൃത്രനെപ്പോലെ പാപിയായ ഒരാളുടെ കാര്യത്തിൽ അതെങ്ങിനെ സംഭവിച്ചു? ഇങ്ങിനെ അത്യഗാധമായ ഭഗവൽഭക്തി അയാളിലെങ്ങിനെയുണ്ടായി?"

ശുകമുനി മറുപടിയായി പറഞ്ഞു: ഈ ചോദിച്ചതിനുത്തരമായി, വേദവ്യാസനും നാരദനും ദേവലനും എനിക്കു പറഞ്ഞുതന്നിട്ടുള്ള ഒരു കഥ ഞാൻ പറയാം. ഒരിക്കൽ ഒരിടത്ത് ചിത്രകേതു എന്നു പേരായ ഒരു രാജാവ് ശൂരസേനരാജ്യം ഭരിച്ചിരുന്നു. അദ്ദേഹത്തിന് പലേ ഭാര്യമാരുണ്ടായിരുന്നുവെങ്കിലും കുട്ടികളുണ്ടായിരുന്നില്ല. കണക്കിലേറെ ധനവും സുഖസമൃദ്ധിയും ഉണ്ടായിരുന്നുവെങ്കിലും രാജാവിന് മന:സമാധാനവും സന്തോഷവും ഉണ്ടായിരുന്നില്ല. അങ്ങിനെയിരിക്കെ അംഗിരമഹർഷി കൊട്ടാരത്തിൽ വന്നു. രാജാവിന്റെ ക്ഷേമം അന്വേഷിച്ചതിന് മറുപടിയായി അദ്ദേഹം പറഞ്ഞു. "മാമുനേ, അവിടേക്ക് എല്ലാം അറിയാമല്ലോ. തപ:ശക്തികൊണ്ട് മന:ശുദ്ധി വരുത്തിയതുകൊണ്ട് അങ്ങയുടെ ഉൾക്കാഴ്ച തികച്ചും സുവിദിതവുമാണ്. ഈ സമ്പത്തും രാജപദവിയും എല്ലാം എനിക്കു സ്വന്തമാണെങ്കിലും അവയെനിക്ക് സന്തോഷം തരുന്നില്ല. എനിക്കൊരു പുത്രഭാഗ്യം ഉണ്ടായിട്ടില്ലിതുവരെ. എന്നെ രക്ഷിച്ചാലും."

മുനി, വേണ്ട യാഗകർമ്മങ്ങൾ നടത്തി. യാഗോഛിഷ്ടം രാജാവിന്റെ കയ്യിൽ കൊടുത്തിട്ട് അദ്ദേഹം പറഞ്ഞു. "ഇതു തിന്നുന്നതുകൊണ്ടു മാത്രം അങ്ങയുടെ രാജ്ഞിയിൽ ഒരു പുത്രനുണ്ടാവും. അവൻ നിങ്ങളുടെ അമിതാഹ്ലാദത്തിനും അതീവദു:ഖത്തിനും ഹേതുവായിത്തീരും." ഈ അനുഗ്രഹത്തിനുശേഷം അധികം താമസിയാതെ രാജ്ഞി പ്രസവിച്ചു. മകൻ ഏവരുടേയും കണ്ണിലുണ്ണിയായി വളർന്നു വന്നു. സകലർക്കും പ്രിയങ്കരനും, പ്രത്യേകിച്ച് മാതാപിതാക്കളുടെ സന്തോഷവുമായി അവൻ വളർന്നു. പുത്രമാതാവായ രാജ്ഞിയോട് രാജാവിന് പ്രത്യേകിച്ചൊരു മമത ഉടലെടുത്തു. അദ്ദേഹം മറ്റു ഭാര്യമാരെ അവഗണിക്കാനും തുടങ്ങി. അവരാരും പ്രസവിക്കുകയുണ്ടായില്ലല്ലോ.

മറ്റു രാജ്ഞിമാർക്ക് അസൂയ മൂത്തു. അവസാനം രാജകുമാരന് വിഷം കൊടുക്കുന്നതിലെത്തി കാര്യങ്ങൾ. കുമാരൻ ഏറെസമയം ഉറങ്ങിക്കിടക്കുന്നതറിഞ്ഞ രാജ്ഞി അവനെ എഴുന്നേൽപ്പിച്ചു കൊണ്ടുവരാൻ ആയയെ അയച്ചു. രാജകുമാരൻ മരിച്ചു കിടക്കുന്നതാണവൾ കണ്ടത്. അന്ത:പ്പുരത്തിലെ സ്ത്രീകളും രാജാവും മോഹാലസ്യപ്പെട്ടു വീണു. അമ്മയായ രാജ്ഞി മാറത്തടിച്ചു നിലവിളിച്ചു. "അല്ലയോ സൃഷ്ടാവേ, അങ്ങയുടെ സ്വന്തം സൃഷ്ടിയെത്തന്നെ ഇത്രവേഗം നശിപ്പിക്കുവാൻ തക്ക വിഡ്ഢിത്തം കാട്ടിയതെന്തു കൊണ്ട്? നീ ഞങ്ങളുടെ ശത്രു തന്നെ. ഈ ലോകത്ത് യാതൊരുവിധ വ്യവസ്ഥയുമില്ല. വയസ്സൻമാരിരിക്കുമ്പോൾ ശിശുക്കൾ മരിക്കുന്നു. നിന്റെ ജോലി പൂർത്തിയാക്കാൻ ഞങ്ങളിൽ മമതയും സ്നേഹവും ഉണ്ടാക്കുന്നു. എന്നിട്ട് യാതൊരു ദയയുമില്ലാതെ ആ സ്നേഹത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു."

കുമാരന്റെ മരണത്തിൽ ദു:ഖിക്കുന്ന രാജാവിന്റെയടുത്ത് അംഗിരമുനി ആഗതനായി.